(ബി) B.Sc, M.Sc എന്നീ കോഴ്സുകൾ മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അംഗീകാരത്തോടെ നടത്തിവരുന്നു.

(സി) B.Sc-30 സീറ്റ്, M.Sc-15 സീറ്റ്, ബി.എസ്.സി.-ക്ക് സയൻസ് വിഷയത്തിൽ പ്ലസ്ടുവിന് 50% മാർക്കും M.Sc യ്ക്ക് 50% മാർക്കോടെ ഫുഡ് സയൻസ്, കെമിസ്ട്രി, ലൈഫ് സയൻസ് വിഷയങ്ങളിൽ B.Sc, ബിരുദവുമാണ് അഡ്മിഷനുള്ള യോഗ്യത.

പെട്രോൾ ഡീസൽ പമ്പുകളുടെ നടത്തിപ്പ്

263 (1347) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ കീഴിൽ അനുവദിച്ച ഏതെങ്കിലും പെട്രോൾ ഡീസൽ പമ്പുകളുടെ നടത്തിപ്പ് സ്വകാര്യ വ്യക്തികൾക്കോ മറ്റ് പൊതു മേഖല കമ്പനികൾക്കോ കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണം അത്തരത്തിൽ കൈമാറിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൈമാറിയതിനുള്ള വ്യവസ്ഥകൾ എന്തായിരുന്നു.; വിശദമാക്കുമോ;

(സി) ഉപഭോക്താക്കൾക്ക് നൽകേണ്ട സൗജന്യ സേവനങ്ങൾ പ്രസ്തുത പമ്പുകളിൽ ലഭ്യമാണോ എന്ന് പരിശോധിക്കാൻ വകുപ്പിൽ എന്തെങ്കിലും സംവിധാനമുണ്ടോ ; എങ്കിൽ വിശദമാക്കുമോ;

(ഡി) സിവിൽ സപ്ലൈസ് പമ്പുകളിലേക്ക് ഇന്ധനം കൊണ്ടുവരുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്താറുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യത്തിന് സ്വന്തം വാഹന സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് സപ്ലൈകോയെ താൽക്കാലികമായി ഏൽപ്പിച്ചിരുന്ന 2 പെട്രോൾ പമ്പുകൾ ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് തന്നെ തിരിച്ചെടുത്തിട്ടുണ്ട്. സപ്ലൈകോ നേരിട്ട് ടി പമ്പുകൾ കൈമാറിയിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സിവിൽ സപ്ലൈസ് വകുപ്പിലെ താലൂക്ക് സപ്ലൈ ഓഫീസർ മുതലുള്ള ഉയർന്ന ഓഫീസർമാർക്ക് 1955-ലെ അവശ്യസാധന നിയമം, 1998-ലെ മോട്ടോർ സ്പിരിറ്റ് ആന്റ് ഹൈ സ്പീഡ് ഡീസൽ ഉത്തരവുകൾ പ്രകാരം പെട്രോൾ പമ്പുകളിൽ പരിശോധന നടത്താൻ കഴിയും. പരിശോധനാ സമയത്ത് പമ്പുകളിൽ നിന്ന് ഉപഭോക്താക്കൾക്ക് ലഭിക്കേണ്ട സൗജന്യ സേവനങ്ങൾ ലഭ്യമല്ല എന്ന് കാണുകയാണെങ്കിൽ ടി വിവരം ഓയിൽ കമ്പനിയെ അറിയിച്ച് സൗജന്യ സേവനങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെടാറുണ്ട്. പമ്പുകളിൽനിന്ന് ലഭിക്കേണ്ട സൗജന്യ സേവനങ്ങൾ സംബന്ധിച്ച് ഓയിൽ കമ്പനികളുടെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈനിലാണ് പരാമർശിച്ചിട്ടുള്ളത്.

(ഡി) സപ്ലൈകോ പമ്പുകളിലേക്ക് ഇന്ധനം കൊണ്ടുവരുന്നതിന് സ്വകാര്യ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. പമ്പുകളിലേക്ക് ഇന്ധനം എത്തിച്ചു തരുന്നത് ഓയിൽ കമ്പനികളുടെ ചുമതലയാണ്.

നെല്ലിന്റെ സംഭരണവില ഉറപ്പാക്കാൻ നടപടി

264 (1348) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കഴിഞ്ഞ വർഷത്തെ ഒന്നാം വിളയ്ക്ക് എത്ര ടൺ നെല്ലാണ് സംഭരിച്ചതെന്ന വ്യക്തമാക്കാമോ;

(ബി) ഈ വർഷം ഒന്നാം വിളയ്ക്ക് എത്ര ടൺ നെല്ലാണ് ഇതുവരെ സംഭരിച്ചിട്ടുള്ളത് ;

(സി) നെല്ല് സംഭരണത്തിന് കഴിഞ്ഞ വർഷത്തേക്കാൾ ഈ വർഷം കുറവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന വ്യക്തമാക്കാമോ;

(ഡി) നെല്ലിന്റെ സംഭരണവില കിലോഗ്രാമിന് 21.5 രൂപയായി നിശ്ചയിച്ചു കൊണ്ടുള്ള പ്രഖ്യാപനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന വ്യക്തമാക്കാമോ;

(ഇ) സംഭരിച്ച മുഴുവൻ നെല്ലിനും കിലോഗ്രാമിന് 21.5 രൂപ നൽകുമോ?

ഉത്തരം

(എ) 2014-15 ഒന്നാം സീസൺ - 83245 മെ.ടൺ.

(ബി) 2015-16 ഒന്നാം സീസൺ - 90313 മെ.ടൺ.

LIBRARY ARCHIVES Kerala Legislative Assembly